പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 271

# 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 02-12-2020

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 271

# 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

757/2020.

# 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് (2015-ലെ 16) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 ഡിസംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 5-ാം വകുപ്പിനുള്ള ഭേദഗതി.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ (2015-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 5-ാം വകുപ്പ് (6)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" (6) ചെയർപേഴ്സണായോ അംഗമായോ നിയമിക്കപ്പെട്ട ഒരാൾക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ് :

എന്നാൽ, അപ്രകാരമുള്ള യാതൊരാളും രണ്ട് തവണയിൽ കൂടുതൽ നിയമിക്കപ്പെടാൻ അർഹനായിരിക്കുന്നതല്ല.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് (2020-ലെ 53) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ 5-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണായോ അംഗമായോ ഒരിക്കൽ നിയമിക്കപ്പെട്ട ഒരാൾക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥ ചെയ്യുന്നു.

2. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ചെയർമാനായും അംഗങ്ങളായും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പുനർനിയമനം നൽകുവാനും എന്നാൽ അപ്രകാരമുള്ള ആളുകൾ രണ്ട് തവണയിൽ കൂടുതൽ നിയമിക്കപ്പെടാൻ അർഹരാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുവാനും സർക്കാർ തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിലേക്ക് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ 5-ാം വകുപ്പ് (6)-ാം ഉപവകുപ്പ് അനുയോജ്യമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2019-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ്, 2019 ഡിസംബർ 21-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ഡിസംബർ 21-ാം തീയതിയിലെ 3167-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2019-ലെ 41-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2019 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ്, 2020 ജനുവരി 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 ജനുവരി 14-ാം തീയതിയിലെ 92-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 5-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ 2020 ജനുവരി 29-ാം തീയതി ആരംഭിച്ച് 2020 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ്, 2020 ഫെബ്രുവരി 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 ഫെബ്രുവരി 18-ാം തീയതിയിലെ 538-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 14-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ 2020 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2020 മാർച്ച് 13-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ്, 2020 മാർച്ച് 31-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 മാർച്ച് 31-ാം തീയതിയിലെ 1014-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 19-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ 2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

11. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ്, 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2206-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 53-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

12. 2020-ലെ 53-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കടകംപള്ളി സുരേന്ദ്രൻ.

## 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2015-ലെ 16-ാം ആക്റ്റ്)

** ** ** **

5. <u>ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും</u>.—(1) ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ അഞ്ച് വർഷക്കാലം പൂർത്തിയാകുകയോ അവർക്ക് 65 വയസ്സ് തികയുകയോ, ഇതിൽ ഏതാണോ ആദ്യം പൂർത്തിയാകുന്നത്, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

** ** ** **

(6) ചെയർപേഴ്സണായോ അംഗമായോ ഒരിക്കൽ നിയമിക്കപ്പെട്ട ഒരാൾക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

** ** ** **